കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2018-19

## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/929/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 0497 2707698
തീയതി: 02.12.2020

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

പ്രസിഡണ്ട് (സെക്രട്ടറി മുഖാന്തിരം),
കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത്.

സർ,

| | | |
|---|---|---|
| വിഷയം | : | കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് 2018-19-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്-സംബന്ധിച്ച്. |

------------

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)-ാം വകുപ്പ് എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകളുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 1-10,1-11,1-13,1-14 എന്നീ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഏയിംസിൽ)

2) അസി.ഡവലപ്മെന്റ് കമ്മീഷണർ (ഇ-മെയിൽ)

3) കാര്യാലയ പ്രതി

നം.കെ.എസ്.എ/കെ.എൻ.ആർ/സി.5/929/2020 തീയതി: 02.12.2020

# കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:

## ആമുഖം

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ബ്ലോക്ക് പഞ്ചായത്ത് 22-10-2018 മുതൽ 06-10-2020 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ബ്ലോക്ക് പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി അന്വേഷണക്കുറിപ്പുകൾ 16 എണ്ണം നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ ബ്ലോക്ക് പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.പി എം രതീഷ് കുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |

| | |
|---|---|
| ഓഡിറ്റിന് വിനിയോഗിച്ച സമയം: | 07.10.2020 മുതൽ 15.10.2020 വരെ |

(ബി)ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ

| പേര് | തസ്തിക |
|---|---|
| ശ്രീ.സത്യാനന്ദൻ സിവി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.ഗണേശൻ കേളോത്ത് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.നിഖില എ എം | ഓഡിറ്റർ |

(സി)നിർവ്വഹണാധികാരികൾ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡണ്ട് | ശ്രീ.പത്മനാഭൻ. കെ | 01.04.2018 മുതൽ |

| | | |
|---|---|---|
| | | 31.03.2019 വരെ |
| സെക്രട്ടറി | ശ്രീമതി ആയിഷ ,ജോയിന്റ് ബിഡിഒ, (സെക്രട്ടറിയുടെ അധിക ചുമതല) | 01.04.2018 മുതൽ 01.05.2018 വരെ |
| | ശ്രീ ഗണേശൻ കെ | 02.05.2018 മുതൽ 31.03.2019 വരെ |

(ഡി).നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയരക്ടർ | ശ്രീമതി മിനി പി ജോൺ | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനിയർ | ബീന എ | 1-04-2018 മുതൽ 31-03-2019 വരെ |
| അസി.എക്സികൃൂട്ടീവ്എഞ്ചിനിയർ | ശ്രീ.ബാലകൃഷ്ണൻ കെ | 1-04-2018 മുതൽ 31-03-2019 വരെ |
| ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | ശ്രീ.ട്വിങ്കിൾ മാത്യൂ | 01.04.2018 മുതൽ 09.01.2019 വരെ |
| | ശ്രീമതി.ബീന പി വി | 10.01.2019 മുതൽ 27.01.2019 വരെ |
| | ശ്രീ.ട്വിങ്കിൾ മാത്യൂ | 28.01.2019 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ(സി.എച്ച്.സി)അഴീക്കോട് | ഡോ.സന്തോഷ്.ബി | 01-04-2018 മുതൽ 31-03-2019വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) പാപ്പിനിശ്ശേരി | ഡോ.ഷാഹിനാ ബായ് | 1-04-2018 മുതൽ 31-03-2019 വരെ |
| സീനിയർ സൂപ്രണ്ട്,ജില്ലാ സാമൂഹ്യ നീതി വകുപ്പ് | ശ്രീ.നാരായണൻ പി.വി | 01.04.2018മുതൽ 07.08.2018 വരെ |
| | വി ജി ജയകുമാർ | 08.08.2018മുതൽ 31.03.2019 വരെ |
| സി.ഡി.പി.ഒ | ശ്രീമതി ബിന്ദു എൻ.പി | 01.4.2018 മുതൽ13.07.2018 വരെ |
| | പ്രസന്ന എ വി | 14.07.2018 മുതൽ26.07.2018 വരെ |
| | കവിത പി | 27.07.2018 മുതൽ31.08.2018 വരെ |
| | ശ്യാമള സി വി | 01-09.2018 മുതൽ23.10.2018 വരെ |
| | കവിത പി | 24.10.2018മുതൽ31.03.2019 വരെ |
| പട്ടികജാതി വികസന ഓഫീസർ | ശ്രീമതി വിമല സി | 01-04-2018 മുതൽ31-03-2019 വരെ |

ഉള്ളടക്കം


| | ഓഡിറ്റ് റിപ്പോർട്ട് | |
|---|---|---|
| ക്രമ നം. | ഭാഗം-1 ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | ക്യാഷ് പരിശോധന | 1-6 |
| 7 | ആഭ്യന്തരനിയന്ത്രണം | 1-7 |
| 8 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-8 |
| 9 | വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ | 1-9 |
| 10 | അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ് മുറികളുടെ വാടക -പിരിച്ചെടുക്കാനുള്ള കുടിശ്ശിക – 69905 രൂപ | 1-10 |
| 11 | വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല | 1-11 |
| 12 | ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ തുക തിരിച്ചടക്കാത്തത് - സംബന്ധിച്ച്. | 1-12 |
| 13 | ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത പ്രൊജക്റ്റ് നടപ്പിലാക്കി. | 1-13 |
| 14 | കൃഷി സംയുക്തപ്രൊജക്റ്റ് ഇനത്തിൽ നൽകിയ തുക മുഴുവനായും വിനിയോഗിക്കാതെ തിരിച്ചടക്കുന്നത് ഒഴിവാക്കേണ്ടതാണ്. | 1-14 |
| 15 | ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ-ലൈസൻസ് ഹാജരാക്കിയില്ല – 324000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-15 |
| 16 | പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ - 400000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-16 |
| 17 | കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ -വാട്ടർ അതോറിറ്റിക്ക് തുക നൽകിയത് - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-17 |
| 18 | ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്. | 1-18 |
| 19 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല | 1-19 |
| 20 | ഐ ക എം ന് തുക കൈമാറൽ -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-20 |
| 21 | ലൈഫ് സമ്പൂർണ്ണ ഭവന സുരക്ഷ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം-വിനിയോഗവിവരം ലഭ്യമാക്കിയില്ല. | 1-21 |
| 22 | വിവിധ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. | 1-22 |
| | ഭാഗം-2- വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |

| | | |
|---|---|---|
| | ഭാഗം-3- ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| | ഇല്ല | |
| | ഭാഗം – 4 പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 23 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-11 |
| 34 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |
| 35 | റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |


## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 19.03.18 തീയതിയിലെ 102 നമ്പർ തീരുമാന പ്രകാരവും പുതുക്കിയ ബജറ്റ് 27.02.2019 തീയതിയിലെ 151 നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

| | ബജറ്റ് പ്രകാരം | പുതുക്കിയ ബജറ്റ് പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 932600 | 0 |
| വരവ് | 102657201 | 73084191 |
| ആകെ | 103589801 | 73084191 |
| ചെലവ് | 102639801 | 71963845 |
| നീക്കിയിരിപ്പ് | 950000 | 1120346 |

### 1-2 വാർഷികധനകാര്യപത്രിക

| | | |
|---|---|---|

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31.07.19 | 13.06.2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 6263744.00 |
| വരവ് | 58563695.00 |
| ആകെ | 64827439.00 |
| ചെലവ് | 51358303.00 |
| നീക്കിയിരിപ്പ് | 13469136.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 31834000. | 31834000 | 31534030 | 299970 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7253000 | 7253000 | 7253000 | 0 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 238000 | 238000 | 238000 * | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 3783000 | 3783000 | 3783000 | 0 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ എ വൈ -ജനറൽ | | 1046488 | 700000 | 1746488 | 1742189 | 4299 |
| ടി എസ് സി | | 521256 | 52616 | 573872 | 34070 | 539802 |
| ഐ സി ഡി എസ് | | 460429 | 0 | 460429 | 0 | 460429 |
| മറ്റ് പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ | | 113575 | 0 | 113575 | 0 | 113575 |
| എസ് ജി എസ് വൈ | | 0 | 107500 | 107500 | 0 | 107500 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| കേരളോത്സവം ഗ്രാന്റ് | | 0 | 60,000 | 60,000 | 60000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ഗ്രാമ പഞ്ചായത്ത് | 1232845 | 400000 | 1632845 | 1627341 | 5504 |
| | ജില്ലാ പഞ്ചായത്ത് | 3244217 | 0 | 3244217 | 2628217 | 616000 |

| | | | | | | |
|---|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ്(*) | | | 40,12,000 | | | |
| തനത് ഫണ്ട്(*) | ബാങ്ക് അക്കൗണ്ട് | | | | | |
| | ട്രഷറി അക്കൗണ്ട് | | | | | |

(*) പ്രത്യേകം എ സി ആർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാങ്ക് ,ട്രഷറി ഫണ്ടു തിരിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചതിന്റെ എണ്ണം | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 114 | 53462729 | 102 | 43392816 | 10 | 12 | 92 | 80 |

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആകെ അടങ്കൽ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ചെലവഴിച്ച തുക | നടപ്പിലാക്കിയ പ്രോജക്ടുകളുടെ എണ്ണം | പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 1319500 | 4 | 1319500 | 4 | 100 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 510000 | 1 | 510000 | 1 | 100 |
| മെഡിക്കൽ ഓഫീസർ (സി എച്ച് സി ) | 2932777 | 15 | 2835115 | 15 | 100 |
| ശിശുവികസന പ്രോജക്ട് ഓഫീസർ- | 3504625 | 3 | 3504625 | 3 | 100 |
| സെക്രട്ടറി | 17862062 | 43 | 14506474 | 37 | 86 |
| അസിസ്റ്റൻറ് എഞ്ചിനിയർ | 15118757 | 36 | 11773574 | 30 | 83 |
| അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനിയർ | 7949163 | 5 | 4771192 | 5 | 100 |
| സൂപ്രണ്ട് വൃദ്ധസദനം | 269600 | 2 | 269600 | 2 | 100 |

| | | | | | |
|---|---|---|---|---|---|
| അഴീക്കോട് | | | | | |
| പട്ടികജാതി വികസനഓഫീസർ | 3996245 | 5 | 3902736 | 5 | 100 |
| ആകെ | 53462729 | 114 | 43392816 | 102 | 89 |

പദ്ധതികൾ അംഗീകരിച്ചതിന് ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംങ് കമ്മിറ്റികളായി പ്രവർത്തിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുൾ മോണിറ്റർ ചെയ്യണം. എന്നാൽ ഓഡിറ്റ് കാലയളവിൽ മോണിറ്ററിംങ് കമ്മിറ്റികളുടെ പ്രവർത്തനം തൃപ്തികരമല്ല. പ്രോജക്ടുകൾ അവയുടെ നിർവ്വഹണത്തിന്റെ ഓരോ ഘട്ടത്തിലും നിരന്തര മോണിറ്ററിംങ് നടത്തേണ്ടതുണ്ട്. കമ്മിറ്റി യോഗം ചേർന്ന് പദ്ധതികളുടെ ജയ പരാജയങ്ങൾ വിലയിരുത്തലിന് വിധേയമാക്കിയിട്ടില്ല. ഏതാനും നിർവ്വഹണ ഉദ്യോഗസ്ഥർ മോണിറ്ററിംങ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ടെങ്കിലും വർക്കിംങ് ഗ്രൂപ്പുകൾ യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്താത്തത് നിർവ്വഹണത്തിൽ സംഭവിച്ചിട്ടുള്ള വീഴ്ചയായി കാണുന്നു. ഓരോ വർക്കിംഗ് ഗ്രൂപ്പും പ്രവർത്തിക്കേണ്ടത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ മേൽനോട്ടത്തിലാണെങ്കിലും സ്റ്റാന്റിംഗ് കമ്മിറ്റികൾ ഇക്കാര്യത്തിൽ വേണ്ടത്ര ഇടപെടലുകൾ നടത്തിയിട്ടില്ല. പ്രൊജക്ട് മോണിറ്ററിംങിൽ സംഭവിച്ചിട്ടുള്ള പോരായ്മകൾ പരിഹരിക്കുന്നതിന് ഈ വിഷയം സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും പഞ്ചായത്ത് ഭരണ സമിതിയുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു.
സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം വിവിധ പ്രോജക്ടുകൾക്കായി വകയിരുത്തിയ ഫണ്ടിനങ്ങളുടെ അടങ്കൽ തുകയും അതിൽ നിന്നുള്ള ചെലവ് വിവരവും ചുവടെ പട്ടികയിൽ കൊടുക്കുന്നു.

| ക്രമ നം. | ഫണ്ടിനം | അടങ്കൽ തുക | ചെലവ് തുക | ചെലവ് ശതമാനം |
|---|---|---|---|---|
| 1 | വികസനഫണ്ട്(പൊതു വിഭാഗം സാധാരണ വിഹിതം | 35373978 | 31534030 | 89.14 |
| 2 | വികസനഫണ്ട്(എസ് സി പി) | 8668172 | 7253000 | 83.67 |
| 3 | വികസനഫണ്ട് (ടി എസ് പി | 289000 | 0 | 0 |
| 4 | ധനകാര്യഗ്രാന്റ് | 0 | 0 | 0 |
| 5 | ലോകബാങ്ക് സഹായം | 0 | 0 | 0 |
| 6 | പ്രത്യേക ഗ്രാന്റ് | 0 | 0 | 0 |
| 7 | കേന്ദ്രാവിഷ്കൃതഫണ്ട് | 120000 | 0 | 0 |
| 8 | സംസ്ഥാനാവിഷ്കൃത ഫണ്ട് | 282000 | 0 | 0 |
| 9 | തനത് ഫണ്ട് | 2008583 | 772786 | 38.47 |
| 10 | മറ്റ്ഗ്രാമപഞ്ചായത്ത് | 400000 | 0 | 0 |
| 11 | ജില്ലാ പഞ്ചായത്ത് | 1000000 | 0 | 0 |
| 12 | മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 4877996 | 3783000 | 77.55 |
| 13 | മറ്റുള്ളവ | 443000 | 50000 | 11.29 |
| 14 | ആകെ | 53462729 | 43392816 | 89 |

ഫണ്ടുകൾ യഥാസമയം ചെലവഴിക്കാതെ ലാപ്സായി പോകുന്ന അവസ്ഥ ഒഴിവാക്കേണ്ടതാണ്. പ്രോജക്ടുകൾ സമയബന്ധിതമായി നിർവ്വഹണം നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.10.2020-ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. അന്നേ ദിവസം വരവ് ഒന്നും ഉണ്ടായിട്ടില്ല.

### 1-7 ആഭ്യന്തരനിയന്ത്രണം

ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങളുടെ പ്രവർത്തനം പൊതുവെ തൃപ്തികരമാണ്. എങ്കിലും ചില രജിസ്റ്ററുകളും രേഖകളും സൂക്ഷിക്കുന്നതിൽ കൂടുതൽ കാര്യക്ഷമത പുലർത്തേണ്ടതാണ്. വാടക രജിസ്റ്ററിൽ സാമ്പത്തിക വർഷാവസാനം ഡിമാന്റ്, കലക്ഷൻ, ബാലൻസ് സംബന്ധിച്ച് അബ്സ്ട്രാക്റ്റ് രേഖപ്പെടുത്തുന്നില്ല. ഓരോ വാടകക്കാരനിൽ നിന്നുമുള്ള വാടക വരവ് വിവരം രശീതി നമ്പർ സഹിതം രേഖപ്പെടുത്തേണ്ടതാണ്. പൊതുമരാമത്ത് വർക്കിംങ് ഗ്രൂപ്പ് മിനുട്സ്സ് പ്രകാരം 2018-19 പദ്ധതിയുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വർക്കിംങ്ഗ്രൂപ്പ് ചേർന്നിട്ടില്ല. വർക്കിംങ് ഗ്രൂപ്പുകൾ മോണിറ്ററിംങ് കമ്മിറ്റിയായി പ്രവർത്തിച്ചതിന്റെ മിനുട്സ് ഇല്ല. മോണിറ്ററിംങ് റിപ്പോർട്ട് പ്രോജക്ട് ഫയലിൽ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്. ഈ കാര്യങ്ങളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതാണ്.

### 1-8 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 05.11.2019 | 2018-19 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17.04.2019 | 2014-15മുതൽ 2018-19 വരെ | 15.06.2019 |

### 1-9 വാർഷിക ധനകാര്യ പത്രികയിലെ അപാകങ്ങൾ

1.ട്രഷറി ടി എസ് ബി അക്കൗണ്ടിന്റെ റിക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിന് കൃത്യതയില്ല.

2.ആർ പി 40(ബി) ഷെഡ്യൂളിലെ BPFA-III-6 ലെ തുകയ്ക്ക് ആധാരമായ രേഖകളില്ല.

3.എസ് ജി എസ് ഐ സ്കീമിൽ നൽകിയ തുക തിരികെ അടവാക്കിയത് prior period items ൽ രേഖപ്പെടുത്തുന്നതിന് പകരം പുതിയ രസീറ്റായി ഉൾക്കൊള്ളിച്ചിരിക്കുന്നു.

4.ആർ പി 31 ഷെഡ്യൂളിൽ (TSC) വരവിനത്തിൽ 3905 രൂപ അധികം രേഖപ്പെടുത്തിയിരിക്കുന്നു.

5.I-18 ഷെഡ്യൂളിലെ തുകകൾക്ക് ആധാരമായ രേഖകളില്ല.

6.ബി-4ഷെഡ്യൂളിലെ താഴെ പ്രതിപാദിക്കുന്ന തുകയ്ക്ക് ആധാരമായ രേഖകളില്ല.

| ക്രമനം | ഇനം | തുക |
|---|---|---|
| 1 | 3200100121 -ICDS | 460429 |
| 2 | 320100199-Centrally sponsered scheme | 29179 |
| 3 | 320100201-Drinking Water Scheme | 113575 |
| 4 | 320200301-State Scheme | 21550 |
| 5 | 320700205-District Panchayath Share | 616000 |
| 6 | 320700303-Village Panchayath Share | 5505 |

7.ബി-7 ഷെഡ്യൂളിലെ തുകയ്ക്ക് ആധാരമായ ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

## 1-10 അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ് മുറികളുടെ വാടക -പിരിച്ചെടുക്കാനുള്ള കുടിശ്ശിക 69905 രൂപ

1. കണ്ണൂർ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള അഴീക്കോട് മിനി വ്യവസായ എസ്റ്റേറ്റ് കെട്ടിടത്തിൽ 4 ബ്ലോക്കുകളിലായി 20 മുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ട്. ഓരോ മാസത്തേയും വാടക അഞ്ചാം തിയ്യതിക്ക് മുമ്പ് അടക്കണമെന്നും മൂന്ന് മാസം കുടിശ്ശിക വരുത്തുന്ന വാടകക്കാരെ ഒഴിപ്പിക്കണമെന്നുമാണ് ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ബൈലോയിൽ വ്യക്തമാക്കിയിട്ടുള്ളതെങ്കിലും താഴെപ്പറയുന്ന വാടകക്കാർ കുടിശ്ശിക വരുത്തിയിട്ടും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

| ക്രമ നമ്പർ | കൈവശക്കാരന്റെ പേര് | മുറിയുടെ നമ്പർ | പ്രതിമാസ വാടക | കാലയളവ് | ഈടാക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| 1 | പി സി ശാലിനി അനിരുദ്ധൻ | 4/111 | 1536 | 7/18 മുതൽ 3/19 വരെ (9 മാസം) | 13824 |
| 2 | പി സതീന്ദ്രൻ | 1/11 ബ്ലോക്ക് | 1449 | 3/19 | 1449 |
| 3 | കെ ശ്രീശൻ | 2/11 ബ്ലോക്ക് | 2190 | 4/18 മുതൽ 3/19 വരെ (12 മാസം) | 26280 |
| 4 | ശ്രീജിത്ത് എം | 3/11 ബ്ലോക്ക് | 696 | 4/18 മുതൽ 3/19 വരെ (12 മാസം) | 8352 |
| 5 | കാഞ്ഞിരത്തൻ വയൽ ന്യൂട്രിമിക്സ് | കാഞ്ഞിരത്തൻ വയൽ | 4000 | 11/18 മുതൽ 3/19 വരെ (5 മാസം) | 20000 |
| | | | | ആകെ | 69905 |

2. 2018-19 വാടക രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകൾ അപൂർണ്ണമാണ്. എത്ര മുറികൾ വാടകയ്ക്ക് കൊടുത്തിട്ടുണ്ടെന്നും ഓരോ വാടകക്കാരനിൽ നിന്നും എത്ര തുക ഈടാക്കിയിട്ടുണ്ടെന്നും (ഡിമാന്റ് , കളക്ഷൻ,

ക്ലോസിംഗ് ബാലൻസ്) ഇവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല.വാടക രജിസ്റ്റർ വ്യക്തമായ രേഖപ്പെടുത്തലുകളോടുകൂടി ഹാജരാക്കേണ്ടതാണ്.

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (2/8.10.2020) കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ടെന്ന് മറുപടി തന്നിട്ടുണ്ട്. പിരിച്ചെടുക്കുവാനുള്ള വാടക കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-11 വാടക-ബൈലോ തയ്യാറാക്കി സർക്കാർ അംഗീകാരം വാങ്ങിയില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 256 വകുപ്പ് പ്രകാരം പഞ്ചായത്തിന് അത് ഏത് കാര്യങ്ങൾക്കായി രൂപീകരിക്കപ്പെട്ടുവോ ആ കാര്യങ്ങളിലേതെങ്കിലും നിറവേറ്റാൻ സർക്കാറിന്റെ അംഗീകാരത്തോടുകൂടി ബൈലാകൾ ഉണ്ടാക്കാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തിന്റെ കെട്ടിടങ്ങൾ വാടകയ്ക്ക് നൽകുന്നത് സംബന്ധിച്ച ഗവൺമെന്റ് അംഗീകരിച്ച ബൈലോ നിലവിൽ ഇല്ല. ബൈലോ തയ്യാറാക്കി അംഗീകരിച്ച് മാതൃവകുപ്പ് തലവന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 1-12 ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ തുക തിരിച്ചടക്കാത്തത് - സംബന്ധിച്ച്.

പ്രോജക്ട് നമ്പർ : 7/2019,ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റൻഷൻ ഓഫീസർ

അടങ്കൽ : 510000

ചെലവ് : 510000(പൊതുവിഭാഗം സാധാരണ വിഹിതം)

2018-19 വർഷം കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത് ഡയറി എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് ക്ഷീര കർഷകർക്ക് സബ്സിഡി നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ. മേൽ പ്രോജക്ട് പ്രകാരം ചിറക്കൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച 150000/- രൂപയിൽ 95377 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി വരുന്ന 54623രൂപ അതാത് ഫണ്ടിലേക്ക് തിരിച്ചടച്ച് ആയതിന്റെ വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (6/7.10,2020) കൃത്യമായ ഹെഡ് ഓഫ് അക്കൗണ്ട് അറിയാത്തതിനാലാണ് തുക തിരിച്ചടക്കാത്തത് എന്നാണ് മറുപടി തന്നിട്ടുള്ളത്.

## 1-13 ബ്ലോക്ക് പഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത പ്രോജക്ട് നടപ്പിലാക്കി.

| | |
|---|---|
| പ്രോജക്ട് നം | 40/2019 |
| പ്രോജക്ടിന്റെ പേര് | ഒന്നാം ക്ലാസ് ഒന്നാം തരം പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം(ജനറൽ) |
| അടങ്കൽ | 231000(വികസനഫണ്ട്) |
| | |

| | |
|---|---|
| ചെലവ് വിവരം | 231000 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം16/2018-19 തീയതി 29.09.18-/₹231000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ കൊടുത്ത ബിൽ പ്രകാരമുള്ള തുക അഴീക്കോട് ,പാപ്പിനിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് യഥാക്രമം 150000 , 81000 വീതം നൽകിയിട്ടുണ്ട്.

1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് 172(1) ഉപവകുപ്പ് 4ാം പട്ടികപ്രകാരം പ്രതിപാദിച്ചിട്ടുള്ള ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടാത്ത പ്രോജക്ടാണ് നടപ്പിലാക്കിയത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/13.10.2020) മറുപടിയായി മറ്റ് പ്രോജക്ടുകളോടൊപ്പം ജില്ലാ പദ്ധതിയായ ഈ പ്രോജക്ടും തയ്യാറാക്കിയാൽ മാത്രമേ ഡി.പി.സി അംഗീകാരം ലഭിക്കുകയുള്ളുവെന്നും അതിന്റെ അടിസ്ഥാനത്തിലാണ് പദ്ധതി തയ്യാറാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. 1994 ലെ കേരളപഞ്ചായത്ത് രാജ് ആക്ട് ബ്ലോക്ക് പഞ്ചായത്തുകളുടെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽ ഉൾപ്പെടുന്ന പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-14 കൃഷി-സംയുക്ത പ്രോജക്ട് ഇനത്തിൽ നൽകിയ തുക മുഴുവനായും വിനിയോഗിക്കാതെ തിരിച്ചടക്കുന്നത് ഒഴിവാക്കേണ്ടതാണ്.

1.ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി

| | |
|---|---|
| പ്രോജക്ട് നം | 54/2019 |
| പ്രോജക്ടിന്റെ പേര് | ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷിക്ക് കൂലി ചെലവ് സബ്സിഡി |
| അടങ്കൽ | 994500(വികസനഫണ്ട്) |
| ചെലവ് വിവരം | 994500 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം01/2018-19 തീയതി 28.09.18-/994500 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസിസ്റ്റന്റ് ഡയരക്ടർ കൃഷി |

പാപ്പിനിശ്ശേരി, അഴീക്കോട് എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് നെൽകൃഷിയിൽ സംയുക്ത പ്രോജക്ട് നടപ്പിലാക്കുന്നതിന് യഥാക്രമം 399500, 595000 രൂപ വീതം നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ പ്രോജക്ട് പരിശോധിച്ചതിൽ സംയുക്ത പ്രോജക്ടിലെ ബ്ലോക്ക് പഞ്ചായത്തിന്റെ വിഹിതമായി രേഖപ്പെടുത്തിയതിലും കൂടുതൽ തുകയാണ് നൽകിയിട്ടുള്ളത്. ഇത് സംബന്ധിച്ച് വിശദവിവരം ചുവടെ കൊടുക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | പ്രോജക്ട് നം | അടങ്കൽ | ഫണ്ടിന്റെ വിവരം | ബ്ലോക്ക് പഞ്ചായത്ത് നൽകിയ തുക |
|---|---|---|---|---|
| പാപ്പിനിശ്ശേരി | 72/2019 | 2018000 | വികസനഫണ്ട്=750000<br>ബ്ലോക്ക് പഞ്ചായത്ത് വിഹിതം=100000 | 399500 |

| | | | | | |
|---|---|---|---|---|---|
| | | | ജില്ലാപഞ്ചായത്ത്<br>വിഹിതം=250000<br>തനത് ഫണ്ട്=8000<br>ഗുണഭോക്തൃവിഹിതം=910000<br>ആകെ=2018000 | | |

പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ അംഗീകരിച്ച പ്രോജക്ടിൽ രേഖപ്പെടുത്തിയതിലും അധികം തുക നൽകിയത് കാരണം ഗ്രാമപഞ്ചായത്തിന് മുഴുവൻ തുകയും വിനിയോഗിക്കാൻ കഴിയാതെ വരികയും ബാക്കി തുക 29-03-2019 ന് തിരിച്ചടക്കുകയും ചെയ്തിട്ടുണ്ട്.

(ബി) അഴീക്കോട് ഗ്രാമപഞ്ചായത്തിന്റെ പ്രൊജക്ട് നമ്പർ 82/2019 ജൈവ നെൽകൃഷി വികസനപദ്ധതി എന്നതിന്റെ ബ്ലോക്ക് വിഹിതമായി നൽകിയ 595000 രൂപ നൽകിയതിൽ 382500 രൂപ മാത്രം വിനിയോഗിക്കുകയും ബാക്കി 212500 രൂപ തൻവർഷം തന്നെ തിരിച്ചടക്കാതെ വൈകി 11.12.2019 തീയതിയിൽ മാത്രമാണ് തിരിച്ചടച്ചിട്ടുള്ളത്.

2. ബ്ലോക്ക് പഞ്ചായത്ത് 2018-19വർഷം നടപ്പിലാക്കിയ മറ്റൊരു പദ്ധതിയാണ് തരിശ് രഹിത പദ്ധതിക്ക് ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകൽ (58/2019). പദ്ധതി നടപ്പിലാക്കുന്നതിനായി അഴീക്കോട് ഗ്രാമപഞ്ചായത്തിന് വികസനഫണ്ടിൽ നിന്നും 200000/- (3/2018-19തീയതി 28.09.2018) രൂപ നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത തുകയിൽ നിന്നും നാമമാത്ര തുകയായ 12160 രൂപ മാത്രം വിനിയോഗിച്ച് ബാക്കി വന്ന 187840 രൂപ 11.12.2019 ന് ഗവൺമെന്റിലേക്ക് തിരിച്ചടക്കുയാണ് ചെയ്തിട്ടുള്ളത്. സംയുക്ത പ്രോജക്ട് നടപ്പിലാക്കുമ്പോൾ മതിയായ രീതിയിലുള്ള പദ്ധതി അവലോകനം ചെയ്യാതെ പ്രോജക്ട് നടപ്പിലാക്കിയത് കാരണമാണ് തുക തിരിച്ചടക്കേണ്ടി വന്നിട്ടുള്ളത്. ആയതിനാൽ പദ്ധതികൾ നടപ്പിലാക്കുമ്പോൾ മതിയായ രീതിയിലുള്ള ആസൂത്രണം ആവശ്യമാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/13.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. പിൻവലിച്ച മുഴുവൻ തുകയും വിനിയോഗിക്കാതെ തിരിച്ചടച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ-ലൈസൻസ് ഹാജരാക്കിയില്ല - 324000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്ട് നമ്പർ : 27/2018, ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ശിശുവികസന പ്രോജക്ട് ഓഫീസർ

അടങ്കൽ ; 486000/- (വികസനഫണ്ട് സാധാരണവിഹിതം)

ചെലവ് : 486000/-(പൊതുവിഭാഗം സാധാരണ വിഹിതം) (ബിൽ നമ്പർ 4/18-19/23.11.18)

ശിശുവികസന പ്രോജക്ട് ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പാക്കിയ പദ്ധതിയാണ് ഭിന്നശേഷിക്കാർക്ക് മുച്ചക്ര വാഹനം നൽകൽ. ഈ പ്രോജക്ട് പ്രകാരം കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത് പരിധിയിലെ 40% ഭിന്നശേഷിയുള്ളവരുടെ യാത്രാ സൗകര്യം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ തയ്യാറാക്കിയിട്ടുള്ളതാണ് ഈ പദ്ധതി. ഒരു വാഹനത്തിന് 81000 രൂപ വച്ച് 6 പേർക്കാണ് മുച്ചക്ര വാഹനങ്ങൾ വിതരണം ചെയ്തിരിക്കുന്നത്. ഗുണഭോക്താക്കളുമായി ഉണ്ടാക്കിയ കരാർ ഉടമ്പടിയിലെ ക്രമ നമ്പർ 9 പ്രകാരം മൂന്ന് മാസത്തിനകം ട്രൈ സ്കൂട്ടർ ഓടിക്കാനുള്ള ഡ്രൈവിംഗ് ലൈസൻസ് എടുക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മുച്ചക്ര വാഹനം ലഭിച്ച താഴെപ്പറയുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

1.മാധപ്പൻ ബി

2.മുഹമ്മദ് അഷ്റഫ്

3.മൊയ്തീൻ കെ വി

4.ശ്രീനിവാസൻ സി

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.10.2020) ലൈസൻസ് ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി തന്നിട്ടുണ്ട്. ആയതിനാൽ നാല് ട്രൈ സ്കൂട്ടറിന്റെ വിലയായ 324000/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. ഡ്രൈവിംഗ് ലൈസൻസ് എത്രയും പെട്ടെന്ന് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-16 പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി പ്രോജക്റ്റ് നിർവ്വഹണത്തിലെ അപാകതകൾ - 400000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു.

പ്രോജക്റ്റ് നമ്പർ : 12/2019, പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി

നിർവ്വഹണ ഉദ്യോഗസ്ഥൻ : പട്ടികജാതി വികസന ഓഫീസർ

അടങ്കൽ : 2000000

ചെലവ് : 2000000വികസന ഫണ്ട്(എസ് സി പി)

പട്ടികജാതി വിദ്യാർത്ഥികളുടെ പഠന നിലവാരം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ പത്ത് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറിയോടൊപ്പം കമ്പ്യൂട്ടർ, പ്രിൻറർ, മേശ, കസേര മുതലായവ നൽകുന്നതിനായി കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത് പട്ടികജാതി വികസന ഓഫീസർ നടപ്പാക്കിയ പദ്ധതിയാണ് പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി.

1)ജനകീയാസൂത്രണ പദ്ധതി മാർഗരേഖ പ്രകാരംപഠനമുറി നിർമ്മിക്കാൻ 2 ലക്ഷം രൂപ വരെ ചെലവഴിക്കാം. പട്ടികജാതി വികസന ഓഫീസർ തയ്യാറാക്കിയ പ്രോജക്റ്റിൽ പഠനമുറിയോടൊപ്പം കമ്പ്യൂട്ടർ, പ്രിൻറർ, മേശ, കസേര മുതലായവ അടക്കമാണ് ഒരു വിദ്യാർത്ഥിക്ക് പരമാവധി തുകയായ 2 ലക്ഷം നൽകാവുന്നത്. പ്രോജക്റ്റ് വിഭാവനം ചെയ്തത് പ്രകാരം പഠനമുറി നിർമ്മിക്കാൻ 15 ലക്ഷം രൂപയും മറ്റ് സാധന സാമഗ്രികൾക്കായി 5 ലക്ഷം രൂപയുമാണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ പ്രോജക്റ്റ് വിഭാവനം ചെയ്തത് പ്രകാരമല്ല നടപ്പിലാക്കിയിരിക്കുന്നത്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/12.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല.

2)2018-19 വർഷത്തിൽ മേൽ പ്രോജക്റ്റിന് സമാന പ്രോജക്റ്റുകൾ ഗ്രാമ പഞ്ചായത്തുകൾ ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ലെന്ന് സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രോജക്റ്റ് നടത്തിപ്പിൽ ആവർത്തനം ഉണ്ടായിട്ടില്ലെന്ന് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ഉറപ്പ് വരുത്തിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ്. അപേക്ഷയോടൊപ്പം സമർപ്പിച്ച പ്ലാനുകൾ തദ്ദേശസ്വയംഭരണ സ്ഥാപനം അംഗീകരിക്കാത്തവയാണ്.വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്.

3)താഴെപ്പറയുന്നവരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

1.പ്രേമജ ഒ 2.പ്രദീപ് പി

ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (7/12.10.2020) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ രണ്ട് ഗുണഭോക്താക്കൾക്ക് അനുവദിച്ച തുകയായ 400000 രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. വാല്യുവേഷൻ സർട്ടിഫിക്കറ്റ് ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 1-17 കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ -വാട്ടർ അതോറിറ്റിക്ക് തുക നൽകിയത് -

വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

ബ്ലോക്ക് പഞ്ചായത്ത് 2018-19 വർഷം വിവിധ കുടിവെള്ള പദ്ധതികൾക്കായി വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ഇനത്തിൽ തുക നൽകിയിട്ടുണ്ട്.

| ക്രമനം | പ്രവൃത്തിയുടെ പേര്/പ്രോജക്ട് നമ്പർ | ഡെപ്പോസിറ്റ് ചെയ്ത തുക | ബിൽ നം/ തീയതി |
|---|---|---|---|
| 1 | 104/2019വളപട്ടണം ഗ്രാമപഞ്ചായത്തിലെ 3,4,10 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ | 900000 | 31/2018-19 /29.12.18 |
| 2 | 124/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 13 പുന്നക്കപ്പാറ സെൻട്രൽ എൽ പി സ്കൂൾ മുതൽ കുഞ്ഞമ്പു നമ്പ്യാർ വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ | 250000 | 50/18-19/22.03.19 |
| 3 | 127/2019അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 12 നാരായണൻ വീട് മുതൽ ഓലാടത്താഴെ മെയിൻ റോഡ് വരെ കുടിവെള്ള പൈപ്പ് ലൈൻ | 75000 | 48/2018-19/06.03.19 |
| 4 | 129/2019വളപട്ടണം ഗ്രാമപഞ്ചായത്ത് വാർഡ് 11,12 മഹമൂദ് റോഡ് മുതൽ താജ്ജൽ ഉലൂം സ്കൂൾ വരെ കുടിവെള്ള പൈപ്പ് ലൈൻ | 826000 | 51/2018-19 /22.03.19 |
| 5 | 134/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് ആലക്കണ്ടി കുന്നുമ്മൽ കാപ്പ് വഴി ചെമ്മരശ്ശേരി പാറ ഒതയോത്ത് ക്ഷേത്രം വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 321000 | 52/2018-19 / 22.03.19 |
| 6 | 135/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് കച്ചേരിപ്പാറ മുതൽ അക്ലിയത്ത് അമ്പലം വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 185000 | 65/2018-19 /27.03.19 |
| 7 | 136/2019അഴീക്കോട് ഗ്രാമപഞ്ചായത്ത് ഉപ്പായിച്ചാൽ റോഡ് മുതൽ ഗോപാലന്റെ വീട് വരെ കുടിവെള്ള പൈപ്പ് ലൈൻദീർഘിപ്പിക്കൽ | 120000 | 57/2018-19/ 22.03.19 |
| 8 | 137/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് ന 8 നവരശ്മി മുതൽ കിഴക്കെ കാപ്പിൻകര വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി (എസ് സി) | 230000 | 56/2018-19/ 22.03.2019 |
| 9 | 138/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 8 തെക്ക് ഭാഗം ശവപ്പെട്ടി മുതൽ കിഴക്കെ കാപ്പിൻകര വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി (എസ് സി) | 100000 | 56/2018-19 22.03.2019 |

പ്രസ്തുത പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരം ലഭ്യമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (03/08.10.2020) മറുപടിയായി വിനിയോഗവിവരം ലഭ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. സ.ഉ.(കൈ.)നം.11/2018/തസ്വഭവ തീയതി 29.01.2018 മാർഗ്ഗരേഖയിലെ ഖണ്ഡിക 11-2(d)-4-ലെ വ്യവസ്ഥകൾ പ്രകാരം ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കാൻ വേണ്ട തുടർ പ്രവർത്തനങ്ങൾ തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സ്വീകരിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ഡെപ്പോസിറ്റ് വർക്കുകളുടെ നിർവ്വഹണ പുരോഗതി ഡി.പി.സി. പ്രതിമാസം വിലയിരുത്തേണ്ടതും ബന്ധപ്പെട്ട ഏജൻസികൾക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പദ്ധതി മാർഗ്ഗരേഖയിൽ പരാമർശിച്ച പ്രകാരം പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-18 ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയ തുകയുടെ വിനിയോഗ വിവരം ഹാജരാക്കേണ്ടതാണ്.

പ്രോജക്ട് നമ്പർ : 9/2018, ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനായി ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ശിശുവികസന പ്രോജക്ട് ഓഫീസർ

അടങ്കൽ : 1868625 (വികസന ഫണ്ട് സാധാരണവിഹിതം)

ചെലവ് : 1868625 (പൊതുവിഭാഗം സാധാരണ വിഹിതം)

2018-19 വർഷം കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത് മേൽ പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്.വിശദ വിവരം താഴെ ചേർക്കുന്നു.

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | വിനിയോഗിച്ചത് | ബാക്കി |
|---|---|---|---|
| ചിറക്കൽ | 648625 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 648625 |
| അഴീക്കോട് | 500000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 500000 |
| വളപട്ടണം | 258000 | 255150 | 2850 |
| പാപ്പിനിശ്ശേരി | 462000 | 462000 | 0 |

വളപട്ടണംനല്കിയ 258000/- രൂപയിൽ 255150 രൂപയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ബാക്കി വരുന്ന 2850 രൂപ അതാത് ഫണ്ടിലേക്ക് തിരിച്ചടച്ച് വിശദാംശങ്ങൾ ഹാജരാക്കേണ്ടതാണ്. ചിറക്കൽ ഗ്രാമപഞ്ചായത്തിന് അനുവദിച്ച 648625/- രൂപയുടേയും അഴീക്കോട് ഗ്രാമപഞ്ചായത്തിന് അനുവദിച്ച 500000/- രൂപയുടേയും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.10,2020) ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി തന്നിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്

## 1-19 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ : 10/2018,അങ്കണവാടി പൂരക പോഷകാഹാര പദ്ധതിക്ക് ബ്ലോക്ക്പഞ്ചായത്ത് വിഹിതം നൽകൽ

നിർവ്വഹണ ഉദ്യോഗസ്ഥൻ : ശിശുവികസന പ്രോജക്ട് ഓഫീസർ

അടങ്കൽ : 1150000/-

ചെലവ് : 1150000/-(പൊതുവിഭാഗം സാധാരണ വിഹിതം)

2018-19 വർഷം കണ്ണൂർ ബ്ലോക്ക്പഞ്ചായത്ത് മേൽ പ്രോജക്ട് മുഖേന ഗ്രാമപഞ്ചായത്തിന് വിഹിതം കൈമാറിയിട്ടുണ്ട്.വിശദ വിവരം താഴെ ചേർക്കുന്നു

| ഗ്രാമപഞ്ചായത്തിന്റെ പേര് | നൽകിയ തുക | വിനിയോഗിച്ചത് | ബാക്കി |
|---|---|---|---|
| ചിറക്കൽ | 350000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 350000 |
| അഴീക്കോട് | 350000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 350000 |
| വളപട്ടണം | 250000 | 250000 | 0 |
| പാപ്പിനിശ്ശേരി | 200000 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 200000 |

വളപട്ടണം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം ഹാജരാക്കിയിട്ടുണ്ട്. ചിറക്കൽ, അഴീക്കോട്, പാപ്പിനിശ്ശേരി എന്നീ ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (5/7.10,2020) ഗ്രാമപഞ്ചായത്തുകൾ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണ് എന്ന് മറുപടി തന്നിട്ടുണ്ട്. ആയത് എത്രയും പെട്ടെന്ന് ഹാജരാക്കി ഓഡിറ്റ് പരാമർശം ഒഴിവാക്കേണ്ടതാണ്.

## 1-20 ഐ.കെ.എം-ന് തുക കൈമാറൽ -വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് നം | 04/2019 |
|---|---|
| പ്രോജക്ടിന്റെ പേര് | ഐ.കെ.എം ന് കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് വിഹിതം(ജനറൽ) |
| അടങ്കൽ | 39325 (വികസനഫണ്ട്) |
| ചെലവ് വിവരം | 39325 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം05/2018-19 തീയതി 19.07.18-/39325 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

ഇൻഫർമേഷൻ കേരള മിഷന് മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (04/08.10.2020) മറുപടിയായി വിനിയോഗ സാക്ഷ്യപത്രത്തിനായി കത്ത് അയച്ചിട്ടുണ്ടെന്നും ലഭിക്കുന്നമുറയ്ക്ക് ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

## 1-21 ലൈഫ് സമ്പൂർണ്ണ ഭവന സുരക്ഷ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം- വിനിയോഗവിവരം ലഭ്യമാക്കിയില്ല.

| | |
|---|---|

| | |
|---|---|
| പ്രോജക്ട് നം | 01/2019 |
| പ്രോജക്ടിന്റെ പേര് | ലൈഫ് സമ്പൂർണ്ണ ഭവന സുരക്ഷ പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം(പി എം എ വൈ പദ്ധതിയുടെ അധിക വിഹിതം ഉൾപ്പെടെ) |
| അടങ്കൽ | 4585000(വികസനഫണ്ട്) |
| ചെലവ് വിവരം | 4585000 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം13/2018-19 തീയതി 15.09.18/-849800(ചിറക്കൽ ഗ്രാമപഞ്ചായത്ത്)<br><br>(പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത്=2400000,<br><br>വളപട്ടണം ഗ്രാമപഞ്ചായത്ത്=1335200) |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രകാരം കൈമാറിയ തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും മറുപടി ലഭ്യമാകുന്നമുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

### 1-22 വിവിധ പദ്ധതികൾ-വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല.

2018-19 വർഷം ബ്ലോക്ക് പഞ്ചായത്ത് വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി പദ്ധതി വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതികളുടെ പൂർത്തീകരണവിവരം കാണിക്കുന്ന വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല.

(എ)

| | |
|---|---|
| പ്രോജക്ട് നം | 126/2019 |
| പ്രോജക്ടിന്റെ പേര് | പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്ത് ബഡ്സ് സ്കൂളിലേക്ക് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 502845(വികസനഫണ്ട്) |
| ചെലവ് വിവരം | 502845 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം46/2018-19 തീയതി 04.03.19-/502845 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

(ബി) അഗതിരഹിത കേരളം പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം നൽകിയത് സംബന്ധിച്ച്.

| | |
|---|---|
| പ്രോജക്ട് നം | 11/2019 |
| പ്രോജക്ടിന്റെ പേര് | അഗതിരഹിത കേരളം |

| | |
|---|---|
| | പദ്ധതിയുടെ ബ്ലോക്ക് പഞ്ചായത്ത് വിഹിതം |
| അടങ്കൽ | 280000(വികസനഫണ്ട്) |
| ചെലവ് വിവരം | 280000 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം12/2018-19 തീയതി 15.09.18-/280000 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ കൊടുത്ത ബിൽ പ്രകാരം പാപ്പിനിശ്ശേരി ഗ്രാമപഞ്ചായത്തിന് 180000രൂപയും അഴീക്കോട് ഗ്രാമപഞ്ചായത്തിന് 100000 രൂപയും നൽകിയിട്ടുണ്ട്.

(സി)പാലിയേറ്റീവ് പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ സംബന്ധിച്ച്

| | |
|---|---|
| പ്രോജക്ട് നം | 06/2019 |
| പ്രോജക്ടിന്റെ പേര് | പാലിയേറ്റീവ് പദ്ധതിക്ക് ബ്ലോക്ക് വിഹിതം നൽകൽ |
| അടങ്കൽ | 605750(വികസനഫണ്ട്) |
| ചെലവ് വിവരം | 505750 |
| ബിൽനം/ചെക്ക് നം/തുക | ബിൽ നം14/2018-19 തീയതി 15.09.18-/300000<br><br>ബിൽ നം17/2018-19 തീയതി 03.02.19-/205750 |
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ കൊടുത്ത ബില്ലുകൾ പ്രകാരം പിൻവലിച്ച തുക പാപ്പിനിശ്ശേരി (150000), അഴീക്കോട് (255750), വളപട്ടണം (100000), ചിറക്കൽ (100000) എന്നീ ഗ്രാമപഞ്ചായത്തുകൾക്ക് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/13.10.2020) മറുപടിയായി പ്രസ്തുത ഗ്രാമപഞ്ചായത്തുകളിൽ നിന്നും വിനിയോഗവിവരം ലഭ്യമാക്കുന്നമുറയ്ക്ക് പരിശോധനക്ക് ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗവിവരം അടിയന്തിരമായി പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 **സെക്ഷൻ** 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 **സെക്ഷൻ** 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

# ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 08.08.2019 മുതൽ 09.08.2019 വരെ | കെ.എസ്.എ./കെ.എൻ.ആർ./ സി-5തീയ്യതി: 16.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വാർഷിക ധനകാര്യ പത്രിക പ്രകാരം (ആർ പി 31) ഗ്രാമപഞ്ചായത്തുകളിൽ നിന്ന് 400000 രൂപ സംയുക്ത പദ്ധതികളുടെ നിർവ്വഹണത്തിനായി ബ്ലോക്ക് പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. എന്നാൽ തുക ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് ലഭിച്ചതെന്നതു സംബന്ധിച്ച വിവരങ്ങൾ ബ്ലോക്ക് പഞ്ചായത്തിൽ ലഭ്യമല്ല.
മുൻവർഷങ്ങളിൽ ലഭിച്ചതുൾപ്പെടെ ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 616000 രൂപയും ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിൽ 5504 രൂപയും ബ്ലോക്ക് പഞ്ചായത്ത് ഫണ്ടിൽ നീക്കിയിരിപ്പുണ്ട്. തദനുസൃതമായ പദ്ധതികൾ തയ്യാറാക്കി തുക യഥാസമയം വിനിയോഗിക്കുന്നില്ല എന്നത് അപാകമാണ്. ആവശ്യകത കണക്കാക്കി മാത്രം ഫണ്ട് സ്വീകരിക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.
മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ച വികസന ഫണ്ട് നിഷ്ക്രിയമായി കിടക്കുന്ന അവസ്ഥ ഒഴിവാക്കേണ്ടതിലേക്കും ആവശ്യമില്ലാത്ത തുക സഞ്ചിത നിധിയിലേക്ക് തിരിച്ചടക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതിലേക്കും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് 26,21,500രൂപ മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | 104/2019 വളപട്ടണം ഗ്രാമപഞ്ചായത്തിലെ 3,4,10 വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ | 31/2018-19/ 29.12.18 | 900000 | തുക വിനിയോഗിച്ചിട്ടില്ല | 900000 |
| കേരള വാട്ടർ അതോറിറ്റി | 124/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 13 | 50/18-19/ 22.03.19 | 250000 | തുക വിനിയോഗിച്ചിട്ടില്ല | 250000 |

| | | | | | |
|---|---|---|---|---|---|
| | പുന്നക്കപ്പാറ സെൻട്രൽ എൽ പി സ്കൂൾ മുതൽ കുഞ്ഞമ്പു നമ്പ്യാർ വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ | | | | |
| | 127/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 12 നാരായണൻ വീട് മുതൽ ഓലാടത്താഴെ മെയിൻ റോഡ് വരെ കുടിവെള്ള പൈപ്പ് ലൈൻ | 48/2018-19/ 06.03.19 | 75000 | തുക വിനിയോഗിച്ചിട്ടില്ല | 75000 |
| | 129/2019 വളപട്ടണം ഗ്രാമപഞ്ചായത്ത് വാർഡ് 11,12 മഹമൂദ് റോഡ് മുതൽ താജുൽ ഉലൂം സ്കൂൾ വരെ കുടിവെള്ള പൈപ്പ് ലൈൻ | 51/2018-19/ 22.03.19 | 826000 | തുക വിനിയോഗിച്ചിട്ടില്ല | 826000 |
| | 134/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് ആലക്കണ്ടി കുന്നമ്മൽ കാപ്പ് വഴി ചെമ്മരശ്ശേരി പാറ ഒതയോത്ത് ക്ഷേത്രം വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 52/2018-19/ 22.03.19 | 321000 | തുക വിനിയോഗിച്ചിട്ടില്ല | 321000 |
| | 135/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് കച്ചേരിപ്പാറ മുതൽ അക്ലിയത്ത് അമ്പലം വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 65/2018-19/ 27.03.19 | 185000 | തുക വിനിയോഗിച്ചിട്ടില്ല | 185000 |
| | 136/2019 അഴീക്കോട് | 57/2018-19/ | 120000 | തുക വിനിയോഗിച്ചിട്ടില്ല | 120000 |

| | | | | | |
|---|---|---|---|---|---|
| | ഗ്രാമപഞ്ചായത്ത് ഉപ്പായിച്ചാൽ റോഡ് മുതൽ ഗോപാലന്റെ വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | 22.03.19 | | | |
| | 137/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് നം. 8 നവരശ്മി മുതൽ കിഴക്കെ കാപ്പിൻകര വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി(എസ് സി) | 56/2018-19/ 22.03.2019 | 230000 | തുക വിനിയോഗിച്ചിട്ടില്ല | 230000 |
| | 138/2019 അഴീക്കോട് ഗ്രാമപഞ്ചായത്ത് വാർഡ് 8 തെക്ക് ഭാഗം ശവപ്പെട്ടി മുതൽ കിഴക്കെ കാപ്പിൻകര വീട് വരെ കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ പദ്ധതി (എസ് സി) | 56/2018-19 22.03.2019 | 100000 | തുക വിനിയോഗിച്ചിട്ടില്ല | 100000 |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഇല്ല

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ

പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2015-16 | 3-1 | 2016-17 | 4-6-2 | വില്ലേജ് ഹാട്ട് നിർമ്മാണം | പരാമർശം നിലനിൽക്കുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 58563695 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 51358303 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 7,24,000 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 324000 | ശ്രീ. കവിത വി., സി.ഡി.പി.ഒ. |
| 1-16 | 400000 | ശ്രീമതി വിമല സി.,<br>പട്ടികജാതി വികസന ഓഫീസർ |
| ആകെ | 724000 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br><br>(ഓഡിറ്റ് നടന്ന സമയത്തെ) | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | ഔദ്യോഗിക മേൽവിലാസം | |
| ശ്രീമതി കവിത വി., സിഡി.പി.ഒ. | ശിശുവികസന ഓഫീസർ, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | ടി.സി.7/1979-6 ശ്രീചിത്ര നഗർ, പി.ഒ. തിരുമല, തിരുവനന്തപുരം |
| ശ്രീമതി വിമല സി. | പട്ടികജാതി വികസന ഓഫീസ്, കണ്ണൂർ ബ്ലോക്ക് പഞ്ചായത്ത് | പാലയാടൻ ഹൗസ്, അഴീക്കോട് പി.ഒ., അഴീക്കോട്, കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 1 |
| 2001-02 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 2 |
| 2003-04 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 3 |
| 2004-05 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 4 |
| 2005-06 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 8 |
| 2006-07 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 9 |
| 2007-08 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 5 |
| 2008-09 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 3 |
| 2009-10<br>2010-11<br>2011-12 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 22 |
| 2012-13,<br>2013-14 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 13 |
| 2014-15 | കെ.എസ്.എ/കെ.എൻ.ആർ./C5/51/18 dt.09.04.2018 | 12 |
| 2015-16 | കെ.എസ്.എ/കെ.എൻ.ആർ./C5/1351/17 dt.03.01.2018 | 24 |
| 2016-17 | കെ.എസ്.എ.കെ.എൻ.ആർ-സി.5/1834/ | 6 |

| | | |
|---|---|---|
| | 17(2) തീ.07.02.2018 | |
| 2017-18 | കെ.എസ്.എ./കെ.എൻ.ആർ./ സി.5/321/2019 തീയതി 06.07.2019 | 15 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

നം. കെ.എസ്.എ./കെ.എൻ.ആർ./സി.5/929/2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

ഫോൺ. 0497 2707698

ഇ.മെയിൽഃ doknr.ksad@kerala.gov.in

തീയതി: 02.12.2020

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് /നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

**അനുബന്ധം-2-1**

**റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റ്**

| | | | |
|---|---|---|---|
| | KANNUR BLOCK PANCHAYATH<br>RECEIPT AND PAYMENT STATEMENT | | |
| | For the period from 01-April-2018 to 31-March-2019 | | |
| Code.No | Description of Items | Schedule No | Amount |
| | RECEIPTS | | |
| | Opening Balance | | |
| Bank | Bank | RP-40(a) | 6263744.00 |
| Cash | Cash | RP-40(a) | 0.0 |
| | Operating | | |
| 140000000 | Fees & User Charges | RP-4 | 39652.00 |
| 150000000 | Sale & Hire Charges | RP-5 | 149650.00 |
| 151000000 | Receipt from Transferred Institutions | RP-6 | 400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 47221348.00 |
| 171000000 | Interest Earned | RP-9 | 175991.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 2465330.00 |
| 350000000 | Other Liabilities | RP-36 | 271540.00 |
| | Non Operating | | |
| 340000000 | Deposits Received | RP-34 | 26214.00 |
| 350000000 | Other Liabilities | RP-36 | 131760.00 |

| | | | |
|---|---|---|---|
| 431000000 | Sundry Debtors (Receivables) | RP-43 | 7220261.00 |
| 440000000 | Pre-paid Expenses | RP-45 | 317590.0 |
| 460000000 | Loans, Advances and Deposits | RP-47 | 543959.00 |
| | Grand total | | 64927439.00 |
| | PAYMENTS | | |
| | Operating | | |
| 210000000 | Establishment Expenses | RP-11 | 3180243.00 |
| 220000000 | Administrative Expenses | RP-12 | 1347577.00 |
| 230000000 | Operations & Maintenance | RP-13 | 313741.00 |
| 250000000 | Decentralised Plan Programme- Productive Sector | RP-15 | 6556848.00 |
| 251000000 | Decentralised Plan Programme- Service Sector | RP-16 | 15764416.00 |
| 252000000 | Decentralised Plan Programme- Infrastructure Sector | RP-17 | 2481912.00 |
| 253000000 | Decentralised Plan Programme- Projects not included in Sector Division | RP-18 | 80584.00 |
| 254000000 | Expenditures of Transferred institutions and State Sponsored Schemes | RP-19 | 710030.00 |
| 255000000 | Maintenance Projects | RP-20 | 4656559.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 102240.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 799150.00 |
| 350000000 | Other Liabilities | RP-36 | 939631.00 |
| | Non Operating | | |
| 240000000 | Interest & Finance Charges | RP-14 | 58303.00 |
| 340000000 | Deposits Received | RP-34 | 196760.00 |
| 350000000 | Other Liabilities | RP-36 | 147948.00 |
| 410000000 | Fixed Assets | RP-38 | 9640740.00 |
| 412000000 | Capital work in Progress | RP-40 | 3770993.00 |
| 460000000 | Loans, Advances and Deposits | RP-47 | 610628.00 |
| | Closing Balance | | |
| Bank | Bank | RP-40(b) | 13469136.00 |
| Cash | Cash | RP-40(b) | 0.0 |
| | Grand Total | | 64827439.00 |

<u>അനുബന്ധം-2-2</u>

# ഇൻകം & എക്സ്പെൻറിച്ചർ സ്റ്റേറ്റ്മെൻറ്

| | KANNUR BLOCK PANCHAYATH<br>INCOME AND EXPENDURE STATEMENT | | |
|---|---|---|---|
| For the period from 01-April-2018 to 31-March-2019 | | | |
| Code.No | Description of Items | Schedule No | Amount |
| | INCOME | | |
| 130000000 | Rental Income from Panchayat / Municipal Properties | I-3 | 500100.00 |
| 140000000 | Fee & User Charges | I-4(b) | 39652.00 |
| 150000000 | Sale & Hire Charges | I-5(b) | 149650.00 |
| 1510000000 | Receipts from Transferred Institutions | I-5(a) | 400.00 |
| 160000000 | Revenue Grants, Funds, Contributions & Compensations / Subsidies | I-6 | 50421619.00 |
| 171000000 | Interest Earned | I-8 | 175991.00 |
| | Total Income | | 51287412.00 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 2733893.00 |
| 220000000 | Administrative Expenses | I-11(b) | 1302117.00 |
| 230000000 | Operations & Maintenance | I-12(b) | 313741.00 |
| 240000000 | Interest & Finance Charges | I-13 | 58303.00 |
| 250000000 | Decentralised Plan Programme-Productive Sector / Programme Expenses | I-14 | 6556848.00 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 15764416.00 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 2481912.00 |
| 253000000 | Decentralised Plan Programme-Projects not included in Sector Division | I-14(c) | 80584.00 |
| 254000000 | Expenditures of Transfered Institutions and State Sponsored Schemes (not included under Decentralized Plan Programme) | I-14(d) | 710030.00 |
| 255000000 | Maintenance Projects | I-14(e) | 4656559.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 102240.00 |
| 272000000 | Depreciation | I-17(a) | 3241450.00 |
| | Total Expenditure | | 38002093.00 |
| | Gross Surplus/ Deficit of income over Expenditure | | 13285319.00 |

| | | | |
|---|---|---|---|
| 280000000 | Prior Period Item | I-18 | (6993302.00) |
| | Gross Surplus/Deficit of Income over Expenditure after prior period items. | | 20278621.00 |
| 290000000 | Transfer to Reserve Funds | I-18(a) | 0.0 |

## അനുബന്ധം-2-3
## ബാലൻസ് ഷീറ്റ്

| KANNUR BLOCK PANCHAYATH<br>BALANCE SHEET as on 31-March-2019 | | | |
|---|---|---|---|
| Code.No | Description of Items | Schedule No | Amount |
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat / Municipal Fund | B-1 | 38695877.00 |
| 311000000 | Earmarked Funds - Special Funds/Sinking Fund/Trust or Agency Fund | B-2 | 0.0 |
| 312000000 | Reserves | B-3 | 14952142.00 |
| | Total Reserve & Surplus | | 53648019.00 |
| | Grants, Contributions for Specific Purposes | | |
| 320000000 | Grants, Funds & Contribution for Specific Purposes | B-4 | 6090524.00 |
| | Total Grants, Contributions for Specific Purposes | | 6090524.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.0 |
| | Total Loans | | 0.0 |
| | Current Liabilities & Provisions | | |
| 340000000 | Deposits Received | B-7 | 410139.00 |
| 35000000 | Other Liabilities | B-9 | 11278535.00 |
| | Total Current Liabilities and Provisions | | 11688674.00 |
| | TOTAL LIABILITIES | | 71427217.00 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 65156654.00 |
| 411000000 | Accumulated Depreciation | B-11 | (9283149.00) |
| 412000000 | Capital Work in Progress | B-11(a) | 1658912.00 |
| | Total Fixed Assets | | 57532417.00 |
| | Investments | | |

| | | | |
|---|---|---|---|
| | Current Assets, Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 87375.00 |
| 440000000 | Pre-paid Expenses | B-16 | 0.0 |
| 450000000 | Cash and Bank Balance | B-17 | 13469136.00 |
| 460000000 | Loand, Advances and Deposits | B-18 | 338289.0 |
| | Total Current Assets, Loans and Advances | | 13894800.00 |
| | Other Assets | | |
| | Miscellaneous Expenditure (To the Extent not written off) | | |
| | TOTAL ASSETS | | 71427217.00 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ.